# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4474** **13-11-2019-ൽ മറുപടിക്ക്**

## വനം സർവ്വീസ് റൂളുകളിലെ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി** | | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | വനപാലകരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നത് സംബന്ധിച്ച് വനം വകുപ്പിൽ ശിപാർശ ലഭിച്ചിട്ടുണ്ടോ; | (എ) | ശുപാർശ ലഭ്യമായിട്ടില്ല. എന്നാൽ വനം വകുപ്പ് ജീവനക്കാരുടെ നിരവധി ആവശ്യങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വനംവകുപ്പ് സർവ്വീസ് സംഘടനകൾ ലഭ്യമാക്കുന്ന നിവേദനങ്ങളിൽ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുന്നത് സംബന്ധിച്ച ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനം എടുക്കുന്നതിന് സർക്കാർ തലത്തിൽ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇതു സംബന്ധിച്ച് സർക്കാർതലത്തിൽ ആലോചനയൊന്നും നിലവിലില്ല. |
| (സി) | വനം സർവ്വീസ് റൂളുകളിൽ പരിഷ്കരണ നടപടികൾ ആലോചിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കുമോ ? | (സി) | വനംവകുപ്പിലെ സർവ്വീസ് റൂൾ പരിഷ്കരണം വകുപ്പാസ്ഥാനത്ത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ